# തേജസ്വിനിയുടെ നീര ഏപ്രിലോടെ

കൊച്ചി: കേരളത്തിലെ നാളികേര കർഷകരുടെ ആദ്യ ഉത്പാദക കമ്പനിയായ കണ്ണൂർ ചെറുപുഴ തേജസ്വിനി നീര ഉത്പന്നങ്ങൾ ഉടനെ വിപണിയിലിറക്കും. ആദ്യഘട്ടമായി കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ ഏപ്രിലിൽ നീരശർക്കര വില്പന ആരംഭിക്കാനാണ് പദ്ധതിയെന്ന് ചെയർമാൻ സണ്ണി ജോസഫ് അറിയിച്ചു.

നീര ലിറ്ററിന് 100 രൂപയും ശർക്കര കിലോയ്ക്ക് 500 രൂപയുമാണ് വില. 200, 500 മില്ലി ബോട്ടിലുകളിലാണ് നീര വില്ക്കുക. കൊച്ചിയിലെ രണ്ട് കയറ്റുമതി കമ്പനികൾ ശർക്കര വാങ്ങാൻ താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ധാരണയായാൽ ശർക്കര പൊതുവിപണിയിൽ തത്കാലം വില്ക്കാനുണ്ടാകില്ല. കമ്പനിയുടെ കീഴിലുള്ള പത്ത് ചെത്തുകാരെ നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ കളമശേരി എസ്.സി.എം.എസിൽ നടത്തുന്ന പരിശീലനത്തിന് ഉടൻ അയക്കും.

ദിവസം ആയിരം ലിറ്റർ നീര സംസ്കരിക്കാൻ ശേഷിയുള്ള നീര പ്ലാന്റാണ് കമ്പനി തുടങ്ങുന്നത്. ബോർഡിന്റെ സാമ്പത്തിക - സാങ്കേതിക സഹായത്തോടെ കളമശേരി എസ്.സി.എം.എസ് പ്ലാന്റ് സ്ഥാപിക്കും. 75 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. പരമാവധി 50 ലക്ഷം രൂപ നാളികേര വികസന ബോർഡിന്റെ സബ്സിഡിയായി ലഭിക്കും. ശർക്കരയുണ്ടാക്കാൻ പ്ലാന്റിന്റെ ആവശ്യമില്ല. നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കാനായാൽ ഏപ്രിൽ അവസാനത്തോടെ നീര ഉത്പാദനം ആരംഭിക്കാനാകും. ചെത്തുന്ന നീരയുടെ അളവിനനുസരിച്ച് കർഷകർക്കും ചെത്തുകാർക്കും വരുമാനം ഉറപ്പാക്കുന്ന രീതിയിലാണ് തേജസ്വിനി ഉത്പാദനം ആസൂത്രണം ചെയ്യുന്നതെന്നും സണ്ണി ജോസഫ് പറഞ്ഞു.